# Deepika

## 28 August 2018

## Kochi : After flood, Relief operations, Flood relief fund, Flood victims

# പ്രളയക്കെടുതി: ഇസാഫ് അഞ്ച് കോടിയുടെ അവശ്യസാധനങ്ങൾ വിതരണം ചെയ്തു

**കൊച്ചി:** പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 14 ജില്ലകളിൽ ഇസാഫ് അഞ്ച് കോടി രൂപയുടെ അവശ്യസാധനങ്ങൾ സംഭരിച്ച് വിതരണം ചെയ്തു. ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ രാജ്യത്തെ വിവിധ ശാഖകൾ വഴിയും ആമസോണിന്റെ സഹായത്തോടെ അന്താരാഷ്ട്ര സന്നദ്ധസംഘടനയായ ഹാബിറ്റാറ്റ് ഫോർ ഹ്യുമാനിറ്റി ഇന്റർനാഷണൽ മുഖേനയുമാണ് അവശ്യസാധനങ്ങൾ സംഭരിച്ചത്. 212 ദുരിതബാധിത മേഖലകളിലായി ഏകദേശം 1.75 ലക്ഷത്തോളം ജനങ്ങളെ സഹായിക്കുകയും 5,328 വീടുകളിൽ ഇസാഫിന്റെ സന്നദ്ധപ്രവർത്തകർ നേരിട്ട് സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾ മനസിലാക്കി അവശ്യസാധങ്ങൾ അടങ്ങിയ 2000ഓളം കിറ്റുകൾ ദിവസേന വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ആട്ട, ബിസ്കറ്റ്, മിനറൽ വാട്ടർ, ബെഡ് ഷീറ്റുകൾ, ടവലുകൾ, സാനിട്ടറി നാപ്കിനുകൾ, സോപ്പ്, ക്ലീനിംഗ് ലോഷനുകൾ, കുട്ടികൾക്കുള്ള ഭക്ഷണ സാധനങ്ങൾ, അരി, പരിപ്പ് പഞ്ചസാര, ഉപ്പ് എന്നിവയാണ് കിറ്റിലുള്ളത്.



ഇസാഫിന്റെ ദുരിതാശ്വാസ സഹായ കിറ്റുകൾ എറണാകുളം വടക്കൻ പറവൂരിൽ ഇസാഫ് സ്ഥാപകൻ കെ. പോൾ തോമസ് വിതരണം ചെയ്യുന്നു.

ദുരിതബാധിത മേഖലകളിൽ ഇസാഫിന്റെ 10 മിനി ട്രക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മണ്ണുത്തി ഡോൺ ബോസ്കോ കോളജ് ഓഡിറ്റോറിയമാണ് ഇസാഫിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വെയർ ഹൗസായി പ്രവർത്തിക്കുന്നത്. ഇടുക്കി ജില്ലയിൽ കട്ടപ്പനയിലും അടിമാലിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും ഇസാഫിന്റെ ദുരിതാശ്വാസ വെയർഹൗസുകൾ പ്രവർത്തിക്കുന്നുണ്ട്. നൂറോളം ജീവനക്കാരും ജീവനക്കാരുടെ കുടുംബാംഗങ്ങളും വിവിധ കോളജുകളിൽനിന്നുള്ള വിദ്യാർഥികളും വെയർഹൗസിൽ വോളണ്ടിയേഴ്സായി പങ്കെടുത്ത് പായ്ക്കിംഗ് ജോലികൾ ചെയ്യുന്നു. പ്രളയത്തിലകപ്പെട്ട വീടുകളുടെ ശുചീകരണ പ്രവർത്തനങ്ങളും ഇസാഫ് വോളണ്ടിയർമാരുടെ നേതൃത്വത്തിൽ സൗജന്യമായി നടക്കുന്നുണ്ട്.

കഴിഞ്ഞ 16 മുതൽ ഇസാഫിന്റെ മൂവായിരത്തോളം ജീവനക്കാർ 14 ജില്ലകളിലും സന്നദ്ധ സേവനം നടത്തിവരുന്നു. ദക്ഷിണേന്ത്യയിലെ ഇസാഫ് ഓഫീസുകളിലൂടെ പൊതുജനങ്ങളിൽനിന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായുള്ള അവശ്യവസ്തുക്കൾ ശേഖരിക്കുന്നുണ്ട്. ജീവനക്കാർ ഒരു ദിവസത്തെ ശമ്പളവും, ഓണത്തിന് ലഭിച്ച ബോണസിന്റെ 10 ശതമാനവും ദുരിതബാധിതർക്കായി നൽകി. തിരുവോണ ദിവസമുൾപ്പെടെയുള്ള അവധി ദിനങ്ങളിൽ ഇസാഫിന്റെ പ്രവർത്തകർ ദുരിതാശ്വാസ മേഖലകളിൽ സജീവമായിരുന്നു. ഇസാഫിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുമെന്ന് ഇസാഫ് സ്ഥാപകൻ കെ. പോൾ തോമസ് പ്രസ്താവനയിൽ അറിയിച്ചു.